ഉത്തരം

(എ) വിദ്യാർത്ഥികൾക്കുമാത്രമായി ആവശ്യാനുസരണം പ്രത്യേക സർവ്വീസുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കുമാത്രമുള്ള സർവ്വീസുകളും വിദ്യാഭ്യാസസ്ഥാപനങ്ങൾവഴി ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകളും അദ്ധ്യയന ദിവസങ്ങളിൽ മുടക്കംകൂടാതെ ഓടിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈകാര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കും.

(സി)&(ഡി) അക്കാര്യം പരിശോധിക്കുന്നതാണ്.

62 (1026) വിദ്യാർത്ഥികളുടെ യാത്രാക്ലേശം

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാത്രാ പ്രശ്നം പരിഹരിക്കാനായി പ്രത്യേക ബസ് സർവ്വീസ് ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് മാത്രമായി പ്രത്യേക ബസ് സർവ്വീസുകൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. കൂടുതൽ ബസ് സർവ്വീസുകൾ ആവശ്യമായി വരുന്ന പക്ഷം ജീവനക്കാരുടെയും ബസിന്റെയും ലഭ്യതയനുസരിച്ച് അവ ഏർപ്പെടുത്തുന്നതാണ്.

63 (1027) സ്ഥലംമാറ്റ മാനദണ്ഡം

ശ്രീ. എം.കെ. മുനീർ :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗതാഗത വകുപ്പിൽ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ചാണോ മലപ്പുറം ജില്ലാ ഓഫീസുകളിലും സ്ഥലംമാറ്റം നടത്തുന്നത്;

(സി) ഒരു ഉദ്യോഗസ്ഥനെ അടിക്കടി മൂന്നുപ്രാവശ്യം സ്ഥലം മാറ്റുന്നത് മാനദണ്ഡങ്ങൾക്കനുസൃതമാണോ;

(ഡി) മലപ്പുറം ജില്ലാ ജോയിന്റ് ആർ.ടി.ഒ.യെ സ്ഥലംമാറ്റിയത് നിശ്ചിത മാനദണ്ഡമനുസരിച്ചാണോ എന്ന് പരിശോധിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly